**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1092** **24-02-2022 - ൽ മറുപടിയ്ക്ക്**

**കൊടക്കാട് ഫോക്‌ലോർ വില്ലേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കൊടക്കാട് ഫോക്‌ലോർ വില്ലേജ് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | 2021-22 ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II ൽ ഭരണാനുമതി ഇല്ലാത്ത പ്രവർത്തികളുടെ ഇനം 1894 ആയി കൊടക്കാട് ഫോക് ലോർ വില്ലേജ് പദ്ധതിക്ക് 5054-80- 800-66 എന്ന ശീർഷകത്തിൽ അടങ്കൽ തുകയായ അഞ്ച് കോടി രൂപയുടെ 20% ആയ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കണ്ണപ്പെരുവണ്ണാൻ സ്മാരക നിർമ്മാണത്തിനായി കൊടക്കാട് ഗ്രാമത്തിൽ റീ. സർവ്വേ നമ്പർ 298/3- ൽപ്പെട്ട 3 ഏക്കർ ഭൂമി അനുവദിക്കുന്നതിന് വിശദമായ ഭൂമി കൈമാറ്റ പ്രൊപ്പോസൽ ലഭ്യമാക്കാൻ കാസർഗോഡ് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. 16.02.2022 ന് തൃക്കരിപ്പൂർ എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ കൊടക്കാട് ഫോക് ലോർ വില്ലേജുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചർച്ചചെയ്യാൻ യോഗം ചേർന്നിരുന്നു. ടി വില്ലേജിന്റെ മുഖ്യ ഘടകമായ ഇന്റർനാഷണൽ തെയ്യം പഠനകേന്ദ്രം സ്ഥാപിക്കുന്നതിന് 27.02.2022 ന് അക്കാദമിയുടെ നേതൃത്വത്തിൽ ഒരു സെമിനാർ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഫോക് ലോർ വില്ലേജിന് ടൂറിസം മേഖലയിലെ സാദ്ധ്യതകൾ കൂടി കണക്കിലെടുത്ത് പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കാൻ ടൂറിസം വകുപ്പിനെ ചുമതലപ്പെടുത്താൻ 18.02.2022ന് കൂടിയ ഫോക് ലോർ അക്കാദമി നിർവ്വാഹകസമിതി തീരുമാനിച്ചിട്ടുണ്ട്. സ്ഥലം അനുവദിക്കുകയും ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതി ലഭിച്ചതിനുശേഷം ബഡ്ജറ്റ് വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് ഫോക് ലോർ വില്ലേജ് സ്ഥാപിക്കുന്ന പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഫോക്‌ലോർ അക്കാദമിയുടെ ആഭിമുഖ്യത്തിൽ ഈ പദ്ധതി നടപ്പിൽ വരുത്താൻ സമയബന്ധിതമായി നടപടികൾ ഉണ്ടാകുമോ; വിശദമാക്കാമോ? | (ബി) | 2021-22 ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II ൽ ഭരണാനുമതി ഇല്ലാത്ത പ്രവർത്തികളുടെ ഇനം 1894 ആയി കൊടക്കാട് |

| | | | |
|---|---|---|---|
| | | | ഫോക് ലോർ വില്ലേജ് പദ്ധതിക്ക് 5054-80- 800-66 എന്ന ശീർഷകത്തിൽ അടങ്കൽ തുകയായ അഞ്ച് കോടി രൂപയുടെ 20% ആയ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കണ്ണപ്പെരുവണ്ണാൻ സ്മാരക നിർമ്മാണത്തിനായി കൊടക്കാട് ഗ്രാമത്തിൽ റീ. സർവ്വേ നമ്പർ 298/3- ൽപ്പെട്ട 3 ഏക്കർ ഭൂമി അനുവദിക്കുന്നതിന് വിശദമായ ഭൂമി കൈമാറ്റ പ്രൊപ്പോസൽ ലഭ്യമാക്കാൻ കാസർഗോഡ് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. 16.02.2022 ന് തൃക്കരിപ്പൂർ എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ കൊടക്കാട് ഫോക് ലോർ വില്ലേജുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചർച്ചചെയ്യാൻ യോഗം ചേർന്നിരുന്നു. ടി വില്ലേജിന്റെ മുഖ്യ ഘടകമായ ഇന്റർനാഷണൽ തെയ്യം പഠനകേന്ദ്രം സ്ഥാപിക്കുന്നതിന് 27.02.2022 ന് അക്കാദമിയുടെ നേതൃത്വത്തിൽ ഒരു സെമിനാർ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഫോക് ലോർ വില്ലേജിന് ടൂറിസം മേഖലയിലെ സാദ്ധ്യതകൾ കൂടി കണക്കിലെടുത്ത് പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കാൻ ടൂറിസം വകുപ്പിനെ ചുമതലപ്പെടുത്താൻ 18.02.2022ന് കൂടിയ ഫോക് ലോർ അക്കാദമി നിർവ്വാഹകസമിതി തീരുമാനിച്ചിട്ടുണ്ട്. സ്ഥലം അനുവദിക്കുകയും ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതി ലഭിച്ചതിനുശേഷം ബഡ്ജറ്റ് വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് ഫോക് ലോർ വില്ലേജ് സ്ഥാപിക്കുന്ന പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ